പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2531

17.08.2017 -ലെ മറുപടിയ്ക്ക്

## സാങ്കേതികവിദ്യകളുടെ വരവോടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നത് നേരിടുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻ കുട്ടി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഓട്ടോമേഷൻ, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ വരവോടെ സംസ്ഥാനത്ത് എത്ര പേർക്ക് ഏതെല്ലാം മേഖലയിലാണ് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളത്; | (എ) ഓട്ടോമേഷൻ, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ വരവോടെ തിരുവനന്തപുരം ജില്ലയിൽ പ്രിന്റിംഗ് പ്രസ്സ്. മൈനർ എഞ്ചിനീയറിംഗ്, കർഷകമേഖല എന്നീ വിഭാഗങ്ങളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം സംബന്ധിച്ച് കണക്ക് ലഭ്യമല്ല. മറ്റുള്ള ജില്ലകളിൽ തൊഴിൽ നഷ്ടപ്പെട്ടതായി പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ബി)ഇത്തരം വെല്ലുവിളികളെ നേരിടുന്നതിന് തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) യും (സി)യും തൊഴിൽ വകുപ്പ് ഈ വിഷയത്തിൽ പഠനം നടത്തിയിട്ടില്ല. |
| സി) വിവരസാങ്കേതികവിദ്യാരംഗത്ത് നഷ്ടമാകുന്ന തൊഴിലവസരങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ? | |

Sreedas

സെക്ഷൻ ഓഫീസർ